**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 5, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

**ഇ.പി. ജയരാജൻ വധോദ്യമ കേസ്**

മി. സ്പീക്കർ: ഇ.പി. ജയരാജൻ വധോദ്യമ ഗൂഢാലോചനയിൽ പ്രശാന്ത് ബാബു തന്റെയും അന്നത്തെ ഡി.സി.സി. പ്രസിഡന്റിന്റെയും പങ്കാളിത്തവും നാല്പാടി വാസു വധം, സേവറി ഹോട്ടൽ നാണു വധം തുടങ്ങിയ സംഭവങ്ങളിലെ മറ്റുള്ളവരുടെ പങ്കും വെളിപ്പെടുത്തിയതിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാത്തതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ. അസീ

സ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇ.പി. ജയരാജൻ വധോദ്യമ ഗൂഢാലോചന, നാല്പാടി വാസു വധം, സേവറി ഹോട്ടൽ നാണു വധം തുടങ്ങിയവ സംബന്ധിച്ചാണ് പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിൽ സൂചിപ്പിച്ചിട്ടുള്ളത്. നാല്പാടി വാസു വധം സംബന്ധിച്ച് 1996-ലെ നായനാർ ഗവൺമെന്റ് തുടരന്വേഷണം നടത്തുകയും ശ്രീ. കെ. സുധാകരനെക്കൂടി പ്രതിയാക്കുകയും ചെയ്തെങ്കിലും തലശ്ശേരി അഡീഷണൽ സെഷൻസ് കോടതി പ്രതികളെ വെറുതെവിടുകയാണുണ്ടായത്. ശ്രീ. ഇ.പി. ജയരാജൻ വധശ്രമ കേസന്വേഷണസമയത്ത് ശ്രീ. കെ. സുധാകരനെ തലശ്ശേരിയിൽ വച്ച് അറസ്റ്റ് ചെയ്തെങ്കിലും ഇതുസംബന്ധിച്ച കേസ് ഹൈക്കോടതി തള്ളുകയും സുപ്രീം കോടതി നിരസിക്കുകയുമാണ് ചെയ്തിട്ടുള്ളത്. നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീ. കെ. സുധാകരൻ തലശ്ശേരി സബ് കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. സേവറി ഹോട്ടൽ നാണു വധക്കേസിൽ പ്രതികളെയെല്ലാം അക്വിറ്റ് ചെയ്തിട്ടുള്ളതാണ്. പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഐ.ജി. ശ്രീ. ഗോപിനാഥനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സുതാര്യവും നിഷ്പക്ഷവുമായ രീതിയിലാണ് അന്വേഷണം നടക്കുന്നത്. അന്വേഷണ റിപ്പോർട്ട് വന്നതിനുശേഷം നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ഇ.പി. ജയരാജന്റെ വധശ്രമവുമായി ബന്ധപ്പെട്ട് നേരത്തെ നടന്ന അന്വേഷണത്തിൽ പുറത്തു

വരാതിരുന്ന വിവരങ്ങളാണ് നാല്പാടി വാസു വധം, സേവറി ഹോട്ടൽ നാണു വധം എന്നീ കേസ്സുകളിൽ പ്രതിയായ പ്രശാന്ത്ബാബു വെളിപ്പെടുത്തിയത്. മറ്റ് ചില ആക്രമണ കേസ്സുകളെ സംബന്ധിച്ചും വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. വാടക ക്രിമിനലുകളാണ് ഈ കൃത്യം നടത്തിയതെന്ന വിവരം സംഭവത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. അതിനുള്ള സാമ്പത്തിക സഹായം നൽകിയത് അവിടത്തെ അബ്കാരികളാണ്. ക്വട്ടേഷൻ സംഘങ്ങളെക്കൊണ്ട് കൊല നടത്തിയശേഷം നിരപരാധികളെ പ്രതികളാക്കാൻ അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ സ്വാധീനം പ്രയോജനപ്പെടുത്തിയിരുന്നു. ശ്രീ. ഇ.പി. ജയരാജനെ വെടിവച്ച പ്രതികളുടെ മൊഴികളിൽ നിന്ന് വധശ്രമക്കേസിൽ ശ്രീ. കെ. സുധാകരനുള്ള പങ്ക് വ്യക്തമായതാണ്. ഈ കേസിന്റെ അടിസ്ഥാനത്തിൽ കോടതി ചില നടപടികൾ എടുത്തിരുന്നു. അതിനെതിരെ ശ്രീ. കെ. സുധാകരൻ കോടതിയിൽ പോകുകയും ഒരു കേസിൽ രണ്ട് എഫ്.ഐ.ആർ. പാടില്ലെന്ന് ഹൈക്കോടതി വിധിയുണ്ടാകുകയും ചെയ്തിരുന്നു. ഈ കേസ്സിനെതിരെ ഹൈക്കോടതിയിലുണ്ടായിരുന്ന തടസ്സങ്ങൾ ഇപ്പോൾ നീക്കിയിരിക്കുകയാണ്. അതിനാൽ കേസ്സന്വേഷണം തുടരണം. ഇരട്ടക്കൊലപാതകക്കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ആരോപണവിധേയനായ ഉദ്യോഗസ്ഥനെ അന്വേഷണത്തിനായി നിയോഗിച്ചത് കേസ് അട്ടിമറിക്കാനാണെന്നുള്ളതിൽ സംശയമില്ല. പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നിഷ്പക്ഷമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സത്യസന്ധമായ ഒരു അന്വേഷണം നടത്തണമെന്ന

ആഗ്രഹത്തോടുകൂടിയാണ് അവിടത്തെ ചാർജ്ജുള്ള ഐ.ജി.-യെ ഈ കേസിന്റെ അന്വേഷണച്ചുമതല ഏൽപ്പിച്ചത്. പ്രതിപക്ഷത്തിന്റെ താൽപ്പര്യ പ്രകാരം തിരുവനന്തപുരം ഐ.ജി-യെ ഈ കേസിന്റെ അന്വേഷണച്ചുമതല ഏൽപ്പിക്കുന്നതാണ്. സേവറി ഹോട്ടൽ സംഭവവും കണ്ണൂർ കോ-ഓപ്പറേറ്റീവ് പ്രസ്സ് ആക്രമണവും ഇവിടെ പറഞ്ഞ മറ്റുകാര്യങ്ങളെ സംബന്ധിച്ചും സത്യസന്ധമായ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):. ഈ കേസിനെ സംബന്ധിച്ച യഥാർത്ഥ വസ്തുതകൾ പ്രശാന്ത് ബാബു തെളിവ് സഹിതം വെളിപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ശ്രീ. സുധാകരന്റെ പേരിൽ കേസ്സെടുത്ത് നിഷ്പക്ഷമായ അന്വേഷണം നടത്താൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ കേസ് സംബന്ധിച്ച് ഇപ്പോഴത്തെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലെടുക്കുന്ന നടപടികൾ സുതാര്യമായിരിക്കണമെന്നതിനോട് യോജിക്കുന്നു. അരീക്കോട് സംഭവത്തിന്റെ അന്വേഷണച്ചുമതല ആ മേഖലയിലുള്ള ഐ.ജി.-യെ ഏൽപ്പിച്ച് കണ്ണൂരിന്റെ അധിക ചാർജ്ജുകൂടി നൽകിയതാണ്. പ്രതിപക്ഷത്തിന്റെ ആവശ്യപ്രകാരമാണ് ആ ചുമതല മറ്റൊരു ഉദ്യോഗ സ്ഥന്റെ നേതൃത്വത്തിലുള്ള പുതിയ ടീമിനെ ഏൽപ്പിക്കാൻ തീരുമാനിച്ചത്. ശ്രീ. സുധാകരന്റെ പേരിൽ ഇതുസംബന്ധിച്ച് ഒരു കേസ് നിലവിലുണ്ട്. അത് സുപ്രീം കോടതി സ്റ്റേ ചെയ്തിരുന്നതിന്റെ തടസ്സങ്ങൾ നീക്കി വിചാരണ നടക്കാൻ പോവുകയാണ്. ഇത് സംബന്ധിച്ച് നിലനിൽക്കുന്ന കേസ്സും നിയമ

വശങ്ങളും പുതിയ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സമന്വയിപ്പിച്ച് അന്വേഷണം മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

ശ്രീ. ഇ.പി. ജയരാജൻ: കണ്ണൂർ ജില്ലയിൽ ക്വട്ടേഷൻ സംഘത്തെ കൊണ്ടുവന്ന് ഭീകര പ്രവർത്തനം നടത്താൻ പദ്ധതി തയ്യാറാക്കിയിരുന്നുവെന്നും ആ കാലഘട്ടത്തിൽ കോൺഗ്രസ്സിന്റെ ഡി.സി.സി. ഓഫീസിൽ ബോംബുവരെ നിർമ്മിച്ചിരുന്നുവെന്നുമാണ് പ്രശാന്ത് ബാബു വെളിപ്പെടുത്തിയിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കണ്ണൂർ ജില്ലയിലെ ബോംബ് വ്യവസായവും കൊലപാതക രാഷ്ട്രീയവും അവസാനിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ശക്തമായ നിയമ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. സംസ്ഥാനത്ത് അക്രമ സാഹചര്യങ്ങൾ ഇല്ലാതാക്കാനുള്ള ഗവൺമെന്റിന്റെ നടപടികളോട് പ്രതിപക്ഷം സഹകരിക്കണം. സേവറി ഹോട്ടൽ കേസ്സിലെ പ്രതിയായിരുന്ന പ്രശാന്ത് ബാബുവിനെ കോടതി വെറുതെ വിട്ടതുകൊണ്ട് ഇപ്പോൾ നടത്തിയ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുക്കാൻ സാധിക്കില്ല. ഇടുക്കിയിലെ കേസ് നിയമാനുസൃതം എടുത്തിട്ടുള്ളതാണ്. അത് ഇന്ത്യൻ തെളിവ് നിയമപ്രകാരം എക്സ്ട്രാ ജുഡീഷ്യൽ കൺഫെഷനാണ്. ഈ കേസ് അത്തരത്തിലുള്ളതല്ല. നീതിനടപ്പാക്കുന്നതിന് ഗവൺമെന്റ് എല്ലാ വിധത്തിലും പ്രവർത്തിക്കുന്നതാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന്

പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) സമഗ്ര സൗജന്യ ചികിത്സാ പദ്ധതി

ശ്രീ. കെ. മുരളീധരൻ: സംസ്ഥാനത്തെ ലക്ഷക്കണക്കിന് പെൻഷൻകാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുക, ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് കമ്മീഷനെ നിയോഗിക്കുക, സമഗ്ര സൗജന്യ ചികിത്സാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളിന്മേൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും സർവ്വീസ് പെൻഷൻക്കാർക്ക് നൽകിവരുന്ന മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കാനും നടപടിയുണ്ടാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 15–03–1996–ൽ പെൻഷനേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം നടപ്പിലാക്കിയതുവഴിയാണ് മെഡിക്കൽ കോളേജുകളിൽ സർവ്വീസ് പെൻഷനേഴ്സിന് സൗജന്യ ചികിത്സ നിലവിൽ വന്നത്. വിവിധ കാലഘട്ടങ്ങളിലെ പേ കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സർവ്വീസ് പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ് നൽകിവരുന്നത്. സർവ്വീസ് പെൻഷൻകാർക്ക് സമഗ്ര സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കുന്നതും അയൽ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന സ്കീമുകളും സംബന്ധിച്ച് ഇൻഷ്വറൻസ് ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതുസംബന്ധിച്ചും ഗവൺമെന്റിന്റെ

സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് സർവ്വീസ് പെൻഷൻകാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതുസംബന്ധിച്ചും ആത്മാർത്ഥമായ പരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

(2) <u>കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. എളമരം കരീം</u>: കെ.എസ്.ആർ.ടി.സി. ഇന്ന് നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും സർവ്വീസ് മുടങ്ങുന്നതു മൂലമുണ്ടാകുന്ന വരുമാന നഷ്ടവും പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ടയർ, സ്പെയർ പാർട്ട്സ്, ഡീസൽ എന്നിവയുടെ ക്ഷാമം മൂലം ട്രിപ്പുകൾ മുടങ്ങുന്ന സ്ഥിതിയാണുള്ളത്. പഴക്കമുള്ള ബസ്സുകൾ റിപ്ലേസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാത്തതും ജീവനക്കാരുടെ പി.എഫ്. കോൺട്രിബ്യൂഷൻ അടയ്ക്കാത്തതും, നോൺ-ഡിപ്പാർട്ട്മെന്റൽ റിക്കവറീസ് വരുന്നതും എൽ.ഐ.സി. പ്രീമിയം അടയ്ക്കു ന്നതിൽ വീഴ്ച വരുന്നതും പ്രതിസന്ധിക്ക് ആക്കം കൂട്ടുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മുന്നോട്ടുപോകണമെങ്കിൽ ഗവൺമെന്റ് അടിയന്തര സഹായം നൽകണം. സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകി സമാന്തര സർവ്വീസുകൾ നടത്തുന്നതും രാഷ്ടീയ താൽപ്പ ര്യത്തോടെ നഷ്ടത്തിലുള്ള റൂട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതും പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. സർവ്വീസിന്റെ ഭാഗമായി വരുന്ന നഷ്ടം കോമ്പൻസേറ്റ് ചെയ്യാനും കമേഴ്സ്യലായി സർവ്വീസ് നടത്തുന്നതിനുള്ള സ്വാതന്ത്ര്യം നൽകാനും തയ്യാറാകണം. മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യണം. ഷോപ്പിംഗ് കോംപ്ലക്സുകളുടെ പണി പൂർത്തീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച 1000 കോടി രൂപയുടെ പാക്കേജ് പ്രാവർത്തിക

മാക്കണം. കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിച്ച് കാര്യക്ഷമമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : കെ.എസ്.ആർ.ടി.സി.യുടെ 714-ഓളം ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി സർവ്വീസ് നിറുത്തിവച്ചതിനാൽ ചില ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി പി.എസ്.സി. മുഖേന ഡ്രൈവർമാരേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കണ്ടക്ടർമാരേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സർവ്വീസ് നടത്തുന്ന പഴയ ബസ്സുകൾ മാറ്റേണ്ടതുണ്ടെന്നാണ് കരുതുന്നത്. ഡീസലിന് കൊടുത്തുകൊണ്ടിരുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നാഷണലൈസ്ഡ് റൂട്ടുകളിൽ ബസ് നൽകുന്നതിന് മുൻഗണന നൽകുന്ന താണ്. ഭീമമായ നഷ്ടം വരുന്ന റൂട്ടുകളിലെ സർവ്വീസ് നിർത്തുകയല്ലാതെ മറ്റുമാർഗ്ഗമില്ല. ധാരാളം സ്വകാര്യ ബസ് സർവ്വീസ് ഉണ്ടെങ്കിലും മലബാറിനെ കെ.എസ്.ആർ.ടി.സി. അവഗണിക്കില്ല. പുതുതായി വാങ്ങിയ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കി സെപ്റ്റംബർ മാസത്തോടുകൂടി പുറത്തി റക്കാൻ സാധിക്കും. ഇന്ധനത്തിനായി ഒരു കോടി എൺപത്തിയേഴ് ലക്ഷം രൂപ ദിവസേന അടച്ചുകൊണ്ടിരിക്കുന്നുണ്ട്. സ്പെയർപാർട്ട്സ്, ഇന്ധനം, ടയർ എന്നിവയുടെ അഭാവംകൊണ്ട് ബസ് സർവ്വീസ് നിർത്തേണ്ടതായി വന്നിട്ടില്ല. നൂറുകോടി രൂപ ലോണിനുപുറമേ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ സ്പെഷ്യൽ പാക്കേജായും വച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകാൻ കൂറേക്കൂടി ഫണ്ട് ആവശ്യമാ ണ്. സ്ഥാപനത്തിന്റെ മെച്ചപ്പെട്ട നടത്തിപ്പിനായി ഡയറക്ട് റിക്രൂട്ട്മെന്റി

ലൂടെയായാലും ക്വാളിഫൈഡായ ആളുകളെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്ഥാനത്ത് നിയമിക്കും. എല്ലാ കൺസഷനുകളും ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.ക്ക് 300 കോടി രൂപയുടെ നഷ്ടം വരുന്നുണ്ട്. അതിനുപുറമേ 40 കോടി രൂപ ശമ്പളമിനത്തിലും 30 കോടി രൂപ പെൻഷൻ നൽകാനും വേണ്ടിവരുന്നു. സംസ്ഥാനത്തിന്റേയും കെ.എസ്.ആർ.ടി.സി.യുടേയും സാമ്പത്തിക സ്ഥിതി മോശമാണെങ്കിലും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് ശ്രമിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യിൽ ഓപ്പറേഷൻ, നോൺ-ഓപ്പറേഷൻ കോസ്റ്റ് സംബന്ധിച്ച റീ-സ്ട്രക്ചറിംഗ് ധനകാര്യവകുപ്പുമന്ത്രി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സബ്മിഷൻ

### (1) കൊച്ചി മെട്രോ പദ്ധതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അനുമതി ലഭിച്ച സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിന് ഡി.എം.ആർ.സി.-യേയും ശ്രീ. ഇ. ശ്രീധരനേയും ചുമതലപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കൊച്ചി മെട്രോ പദ്ധതി നടത്തിപ്പിന് ഡി.എം.ആർ.സി.-യേയും ശ്രീ. ഇ. ശ്രീധരനേയും ചുമതലപ്പെടുത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുണ്ടായിരുന്ന പ്ലാനിംഗ് കമ്മീഷന്റെ ഒബ്ജക്ഷൻ മാറ്റുകയും പി.ഐ.ബി.-യിൽ വച്ച് പാസ്സാക്കുകയും അർബൻ ഡെവലപ്മെന്റ് മന്ത്രാലയത്തിന്റെ അംഗീകാരം നേടുകയും ചെയ്തു.

(2) <u>കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>

<u>ശ്രീ. റ്റി.വി. രാജേഷ്</u>: കണ്ണൂർ–പഴയങ്ങാടി–പയ്യന്നൂർ ദേശസാൽകൃത റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നടത്തി യാത്രാക്ലേശം അവസാനിപ്പിക്കാനും ദേശസാൽകൃത റൂട്ട് സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): കണ്ണൂർ–പഴയങ്ങാടി–പയ്യന്നൂർ ദേശസാൽക്കൃത റൂട്ടിൽ കളക്ഷൻ കുറഞ്ഞതു കാരണം നിർത്തലാക്കിയ സർവ്വീസുകൾ ബസിന്റെ ലഭ്യതയനുസരിച്ചും ആവശ്യകത കണക്കിലെടുത്തും പുനരാരംഭിക്കുന്നതാണ്. പ്രസ്തുത റൂട്ട് നാഷണലൈസ് ചെയ്യുന്നത് നോട്ടിഫൈ ചെയ്യാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കും.

(3) <u>വ്യവസായ പാർക്കും ഐ.ടി. പാർക്കും</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> മണ്ണാർക്കാട് മണ്ഡലത്തിൽ വ്യവസായ പാർക്കും ഐ.ടി. പാർക്കും ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ആരംഭിക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി)</u>: നിയോജകമണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലവും സംരംഭകരുടെ സാധ്യതയും പരിശോധിച്ച് വ്യവസായ പാർക്കുകൾ ആരംഭിക്കും. പൊതുമേഖലയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടിയെടുക്കും.

## (4) നെല്ലിന്റെ സംഭരണവില

ശ്രീ. തോമസ് ചാണ്ടി: സപ്ലൈകോ സംഭരിച്ചതും സംഭരിക്കാനുദ്ദേശിക്കുന്നതുമായ നെല്ലിന്റെ വില സമയബന്ധിതമായി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 2011–12 വർഷത്തിൽ നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് കൊടുക്കാനുണ്ടായിരുന്ന ഒന്നാം സീസണിലെ മുഴുവൻ തുകയും രണ്ടാം സീസണിലെ 607 കോടി രൂപയിൽ 486 കോടി രൂപയും കൊടുത്തുതീർത്തിട്ടുണ്ട്. ലോൺ എടുത്ത് കുടിശ്ശിക കൊടുത്തുതീർക്കാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടനാട് മേഖലയിൽ കുടിശ്ശികയായിട്ടുള്ള 274 കോടി രൂപയിൽ 194 കോടി രൂപ കൊടുത്തിട്ടുണ്ട്. കർഷകർക്ക് കുടിശ്ശിക കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അലംഭാവമുണ്ടായിട്ടില്ല.

## (5) ഹയർ സെക്കന്ററി സ്ക്കൂളുകളും കോഴ്സുകളും

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തിരുപുറം, കാരോട് പഞ്ചായത്തുകളിലേയും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുൾപ്പെടുന്ന പെരുമ്പഴുതൂർ പ്രദേശത്തേയും ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, തിരുപുറം, അതിയന്നൂർ പഞ്ചായത്തുകളിലേയും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുൾപ്പെടുന്ന പെരുമ്പഴുതൂർ

പ്രദേശത്തേയും സ്ക്കൂളുകളിൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മുഴുവൻ കുട്ടികൾക്കും ഹയർ സെക്കന്ററി പഠനത്തിന് നിലവിലുള്ള സീറ്റുകൾ പര്യാപ്തമല്ല. തിരുപുറം പഞ്ചായത്തിൽ എ.എച്ച്.സി.–ക്ക് 50 സീറ്റുകൾ ലഭ്യമാണ്. അതിയന്നൂർ പഞ്ചായത്തിൽ എയ്ഡഡ് തലത്തിലും സ്വാശ്രയ തലത്തിലും ഓരോ ഹയർ സെക്കന്ററി സ്ക്കൂളുകൾ നിലവിലുണ്ട്. പെരുമ്പഴുതൂർ, കാരോട് പ്രദേശങ്ങളിൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല. 2012 മാർച്ചിൽ എസ്.എസ്.എൽ.സി. പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം സാധ്യമാക്കുന്നതിനായി പ്ലസ്ടു സീറ്റുക ളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഓരോ പ്രദേശത്തിന്റേയും ആവശ്യകത പരിഗണിച്ച് സാമ്പത്തിക ബാദ്ധ്യതകൂടി കണക്കാക്കി പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിൽ നയപരമായ തീരുമാനം കൈക്കൊള്ളുമ്പോൾ നെയ്യാ റ്റിൻകര നിയോജകമണ്ഡലത്തേയും പരിഗണിക്കുന്നതാണ്.

## (6) വിദ്യാഭ്യാസ ഉപജില്ല ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): ഇരിട്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജിച്ച് പേരാവൂർ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കൽ, മറ്റ് ഭൗതിക സാഹചര്യങ്ങളൊ രുക്കൽ എന്നിവയ്ക്കാവശ്യമായ സാമ്പത്തിക ബാധ്യത കണക്കിലെടുത്ത

ശേഷം ആവശ്യമെങ്കിൽ പുതിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (7) മാലിന്യ പ്രശ്നം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണനും നോട്ടീസ് നൽകിയിട്ടുണ്ട്)

പ്രൊഫ. സി. രവീന്ദ്രനാഥ്: തൃശ്ശൂർ കോർപ്പറേഷനിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ അടിയന്തര യോഗം ചേർന്ന് ദീർഘവീക്ഷണത്തോടെ ഒരു പദ്ധതി രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ചുകൊണ്ട് തൃശൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാലിന്യം നീക്കംചെയ്ത് നഗരപരിസരം വൃത്തിയാക്കി സൂക്ഷിക്കുന്നതിന് പരമാവധി ശ്രമിച്ചുവരുന്നുണ്ട്. ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിച്ച് സംസ്ക്കരണം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള 'ലാംസ്' (ലാലൂർ മോഡൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്) പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ നഗരസഭയിൽ 400 കുടുംബങ്ങൾക്ക് പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റുകളും ഈ ആവശ്യത്തിലേയ്ക്കായി 2750 ബയോഗ്യാസ് പ്ലാന്റുകളും 25000 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും ഫ്ളാറ്റുകൾക്കും സ്ഥാപനങ്ങൾക്കും 200 കമ്പോസ്റ്റിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതിനായി 6.6 കോടി രൂപയുടെ പദ്ധതി ശുചിത്വ മിഷൻ വഴി അംഗീകരിച്ച് നൽകിയിട്ടുണ്ട്. ശക്തൻ തമ്പുരാൻ മാർക്കറ്റിൽ പ്രതിദിനം 4 ടൺ മാലിന്യം ജൈവവളമാക്കി മാറ്റുന്ന

പദ്ധതിക്ക് സാങ്കേതികാനുമതി നൽകി തുടർനടപടികൾ നടത്തിവരുന്നു. ലാലൂരിൽ ആധുനിക രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് ദേശീയ ടെന്റർ വിളിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയിലെ മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ സർക്കാർ ആത്മാർത്ഥമായ പരിശ്രമം നടത്തിവരികയാണ്.

### (8) സ്റ്റേറ്റ് ഹൈവേ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : കാസർഗോഡ്–കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തി നാലുവരിപ്പാതയാക്കി ഗതാഗതയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കെ.എസ്.ടി.പി.–യുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്ന കാസർഗോഡ്–കാഞ്ഞങ്ങാട് റോഡ് 7 മീറ്റർ വീതിയിൽ റോഡ് സൈനേജ് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജംഗ്ഷൻ ക്രമീകരണങ്ങൾ, ജംഗ്ഷൻ വികസനം, മരം വച്ച് പിടിപ്പിക്കൽ, റോഡിന് ഇരുവശവും ലൈറ്റുകൾ സ്ഥാപിക്കൽ, റോഡ് നവീകരണത്തിനുശേഷം മിച്ചം വരുന്ന സ്ഥലങ്ങളിൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയും നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റേയും ലോകബാങ്കിന്റേയും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. അംഗീകാരം ലഭ്യമാകുന്നതോടെ 2012 ഡിസംബർ മാസത്തോടുകൂടി നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(9) ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ശിവൻകുട്ടി: നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിള സർക്കാർ ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 61 കിടക്കകളുള്ള നേമം ശാന്തിവിള താലൂക്ക് ആശുപത്രിയിൽ ഒരു സൂപ്രണ്ട്, ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷൻ, രണ്ട് സിവിൽ സർജൻമാർ, 4 അസിസ്റ്റന്റ് സർജൻമാർ എന്നിവരുടെ തസ്തികകൾ നിലവിലുള്ളതിൽ 7 പേർ ഇവിടെ ജോലി ചെയ്തുവരുന്നു. 8 സ്റ്റാഫ് നഴ്സുമാരും 3 ലാബ് ടെക്നീഷ്യൻമാരും രണ്ട് ഫാർമസിസ്റ്റുമാരും ജോലി ചെയ്യുന്നുണ്ട്. ഹോസ്പിറ്റൽ അറ്റന്റന്റിന്റെ രണ്ട് തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. ഡോക്ടർമാർ ടേൺ ഡ്യൂട്ടിയെടുത്ത് ആശുപത്രി 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. രാവിലെ 8 മണി മുതൽ ക്ലിനിക്കൽ ലബോറട്ടറിയും ഫാർമസിയും പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം 250 ഡോക്ടർമാരേയും 570 നേഴ്സുമാരേയും അധികമായി നിയമിക്കുന്ന നടപടി പ്രാവർത്തികമാകുമ്പോൾ ശാന്തിവിള ആശുപത്രിയിലെ ജീവനക്കാരുടെ കുറവ് ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. പനി ചികിത്സയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ കുറവുണ്ടെങ്കിൽ പരിഹരിക്കാൻ ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

(10) തിരൂർ ജില്ലാ ആശുപത്രി

ശ്രീ. സി. മമ്മൂട്ടി: തിരൂർ ജില്ലാ ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും ട്രോമാ കെയർ യൂണിറ്റ്, ഡീഅഡിക്ഷൻ സെന്റർ, ഡയാലിസിസ് സെന്റർ എന്നിവയ്ക്കുള്ള സൗകര്യങ്ങളൊരുക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : തിരൂർ താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അടിയന്തരമായി ഉദ്യോഗസ്ഥരുടേയും മറ്റും യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതാണ്.

## (11) പി.എച്ച്.സി. കളുടെ പ്രവർത്തനം

ശ്രീ. എം.എ. വാഹീദ് : തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിന് സമീപത്തുള്ള പി.എച്ച്.സി. കളുടെ പ്രവർത്തനം ശക്തമാക്കി 24 മണിക്കൂറും പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വിഎസ്. ശിവകുമാർ) : തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി പൂർണ്ണമായും റെഫറൽ ആശുപത്രിയാക്കുന്നതിനും പി.എച്ച്.സി.കൾ ഉൾപ്പെടെ സമീപപ്രദേശത്തുള്ള ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## (12) ശബരിമല മാസ്റ്റർ പ്ലാൻ

ശ്രീ. രാജു എബ്രഹാം : ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : ശബരിമലയുടെ വികസനത്തിന് സംസ്ഥാന ഗവൺമെന്റ് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞവർഷം 15 കോടി രൂപയും ഈ വർഷം 25 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. വരുന്ന സീസണിന് മുമ്പായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (13) ദേശീയ ഗെയിംസ്

ശ്രീ. ബെന്നി ബെഹനാൻ : 2013 ഡിസംബറിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റ് ഇതിനായി നൽകിയ തുക ചെലവഴിച്ചതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെബി. ഗണേഷ് കുമാർ) : നാഷണൽ ഗെയിംസിന്റെ ഒരുക്കങ്ങൾക്കായുള്ള വരവുചെലവ് കണക്കുകളും വർക്കിന്റെ പ്രോഗ്രസ്സും ദിവസേന വെബ്സൈറ്റിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. ബി.എസ്. എൻ.എൽ എഞ്ചിനീയറിംഗും കിറ്റ്കോയുമാണ് പുതുതായി കൺസൾട്ടന്റ് ഏജൻസിയായി വന്നിരിക്കുന്നത്. സാങ്കേതിക തകരാറുകൾ മനസ്സിലാക്കി

വളരെ സുതാര്യതയോടെയാണ് മുന്നോട്ടുപോകുന്നത്. എസ്റ്റിമേറ്റ് ഇരട്ടിയിലധികമായിരിക്കുന്നതിനാൽ ആവശ്യമായ സാമ്പത്തികസഹായത്തിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2013 അവസാനം നാഷണൽ ഗെയിംസ് നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2012–2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ..പി. അനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV- പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (947,29,14,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII- വിനോദസഞ്ചാരം (154,19,77,000 രൂപ)

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന യേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു)

ശ്രീ. പി.റ്റി.എ. റഹീം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷങ്ങ ളോടുള്ള വിവേചനപരമായ സമീപനം അവസാനിപ്പിച്ച് സർക്കാർ അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. മാറാട് കലാപം സംബന്ധിച്ച് ജോസഫ് തോമസ് കമ്മീഷൻ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്ക ണം. മലപ്പുറത്തെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. എ.ഐ.പി. അനുസരിച്ചുള്ള 35 സ്കൂളുകൾ സർക്കാർ മേഖലയിലാക്കണം. സംസ്ഥാനത്ത് ന്യൂനപക്ഷാവകാശം സംരക്ഷിക്കപ്പെട ണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമൂഹത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിന് നടപടി സ്വീകരി ക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ട്. സംസ്ഥാനത്തെ നല്ലൊരു വിഭാഗം ജനങ്ങൾക്ക് ജീവിതമാർഗ്ഗം നേടിക്കൊടുക്കുന്ന ഒരു വ്യവസായമായി ടൂറിസം

മാറിയിട്ടുണ്ട്. ടൂറിസം ബോർഡ് രൂപീകരിക്കാനുള്ള തീരുമാനം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏറെ സഹായകമാകും. ഉത്തരവാദിത്വ ടൂറിസം പദ്ധതിയിലൂടെ തദ്ദേശവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. വിവര സാങ്കേതികവിദ്യ ടൂറിസം പ്രചാരണത്തിന് ഉപയോഗിച്ചതിലൂടെ കേന്ദ്ര സർക്കാരിന്റെ നിരവധി പുരസ്കാരങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ടൂറിസം രംഗത്ത് അടിസ്ഥാന സൗകര്യവികസനം അത്യന്താപേക്ഷിതമാണ്. സംസ്ഥാനതല ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കുമ്പോൾ നിലവിലുള്ള സമഗ്ര ടൂറിസം പദ്ധതികളെക്കൂടി ഉൾക്കൊള്ളിക്കാൻ നടപടി സ്വീകരിക്കണം. മുസ്സരിസ് ടൂറിസം പദ്ധതി സംസ്ഥാനത്തെ ബൃഹത്തായ ടൂറിസം പ്രോജക്ടായി രൂപാന്തരപ്പെടുത്തണം. ഫോർട്ട് കൊച്ചി പ്രദേശത്ത് നടപ്പാക്കുന്ന യുനെസ്കോയുടെ ഹെറിറ്റേജ് പ്രോജക്ടിന് സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്ത 15 കോടി രൂപ അനുവദിക്കണം. ഫോർട്ട് കൊച്ചിയിൽ ഒഴിഞ്ഞു കിടക്കുന്ന ബെർത്തുകളിൽ ആഡംബര വിദേശ കപ്പലുകൾ അടുപ്പി ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ ഫോർട്ട് കൊച്ചിയിലുള്ള ആതറൈസ്ഡ് ഹോം സ്റ്റേകൾ ഡൊമസ്റ്റിക്കാക്കാൻ നിയമനിർമ്മാണം കൊണ്ടുവരണം. സംസ്ഥാനത്ത് പിൽഗ്രിം ടൂറിസം വിപുലപ്പെടുത്തണം. ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നവിധം കടൽ തീരങ്ങളെ മാലിന്യ വിമുക്തമാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ആരംഭിക്കുന്ന ദേശീയ ഗെയിംസിനോടനുബന്ധിച്ച് സ്പോർട്സ് ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കണം.

<u>ശ്രീ. വി. ശശി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ വികസനം ലക്ഷ്യമാക്കി കുറ്റമറ്റ രീതിയിൽ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് നാളിതുവരെ സാധിച്ചിട്ടില്ല. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ പട്ടികജാതിക്കാർ കൃഷി ഭൂമിയിൽനിന്നും പുറത്താക്കപ്പെട്ടു. ആദിവാസികളിൽനിന്നും പിടിച്ചെടുത്ത ഭൂമി തിരിച്ച് നൽകാൻ നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക പുരോഗതിക്കായി സർക്കാർ ചെലവഴിച്ച തുക വേണ്ടവിധം പ്രയോജനപ്പെട്ടിട്ടില്ല. ജനസംഖ്യ യ്ക്കാനുപാതികമായി പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. ദേശീയ പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ റിപ്പോർട്ടുകൾ നിയമസഭകളിൽ ചർച്ചാ വിധേയമാക്കണം. സംസ്ഥാന പട്ടിക ജാതി/പട്ടികവർഗ്ഗ കമ്മീഷൻ കഴിഞ്ഞ 5 വർഷമായി യാതൊരു ശുപാർശയും റിപ്പോർട്ടും ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ലെന്നത് ഖേദകരമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി നീക്കിവച്ചിരുന്ന കേന്ദ്രാവിഷ്ക്കൃത പദ്ധതി വിഹിതത്തിൽ നാമമാത്രമായ തുക ചെലവഴിച്ച ശേഷം ബാക്കി ലാപ്സാക്കിയ നടപടി നീതീകരിക്കാൻ കഴിയുന്നതല്ല. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കുറവ് നാൾക്കുനാൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് പരിശോധിക്കണം. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിർമ്മിതി ഉപകേന്ദ്രത്തിന് അനുവദിച്ച തുക നിയമവിരുദ്ധമായി ചെലവഴിച്ചതുസംബന്ധിച്ച് പരിശോധന നടത്തണം.

ശ്രീ. ടി.എ. അഹ്മദ് കബീർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം. മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. വിദ്യാഭ്യാസ രംഗത്ത് മുസ്ലീം സമുദായം ദേശീയ ശരാശരിയുടെ വളരെ താഴെയാണെന്നതിനാൽ പരിഹാര നടപടി സ്വീകരിക്കണം. ന്യൂനപക്ഷ വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും വെൽഫെയർ ഓഫീസർമാരെ നിയമിക്കണം. മൈനോറിറ്റി കമ്മീഷനും മൈനോറിറ്റി ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷനും കാലതാമസം കൂടാതെ രൂപീകരിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ത്യയിൽ ജാതിവ്യവസ്ഥ ഗുരുതരമായ പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിച്ചിട്ടുണ്ട്. ജാതിയുടെ അടിസ്ഥാനത്തിൽ ജീവിതത്തിന്റെ ഗതി നിശ്ചയിക്കുന്ന ദയനീയ സ്ഥിതിയാണ് ഇന്നും നിലനിൽക്കുന്നത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം 65 വർഷം തികഞ്ഞിട്ടും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജീവിതസാഹചര്യത്തിൽ വലിയ മാറ്റമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാക്കാൻ കഴിയും. ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി സംസ്ഥാനം ഭരിച്ച വിവിധ സർക്കാരുകൾ കോടിക്കണക്കിന് രൂപ ചെലവഴിച്ചതിനെക്കുറിച്ച് സത്യസന്ധമായ വിലയിരുത്തൽ നടത്താൻ തയ്യാറാകണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ അക്കൗണ്ടബിലിറ്റി യുണ്ടാക്കാനും സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്താനും കഴിയണം.

പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം. ടൂറിസം രംഗത്ത് കേരളത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ കഴിയണം. അങ്കമാലിയിലെ പ്രകൃതി സുന്ദരമായ പ്രദേശങ്ങളുടെ ടൂറിസം വികസന സാധ്യത ഉപയോഗപ്പെടുത്താനും കാലടി ആശ്രമത്തിൽ ആവശ്യമായ സൗകര്യം ഏർപ്പെടുത്താനും മലയാറ്റൂർ തീർത്ഥാടന കേന്ദ്രം, അതിരപ്പിള്ളി, കോടനാട് എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഏഴാറ്റുമുഖം പ്രദേശത്തിന്റെ വികസനം സാധ്യമാക്കാനും നടപടിയുണ്ടാകണം. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തനക്ഷമമാക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് വനവുമായി ബന്ധപ്പെട്ട ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കണം. വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തിച്ചേരാനുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ത്വരിതഗതിയിൽ നടപ്പാക്കണം.

<u>ശ്രീ. റ്റി. യു. കുരുവിള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും നൽകി വന്നിരുന്ന തുക വർദ്ധിപ്പിച്ചതും ഈ വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചതും യുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതിക്ക് തുക വിതരണം ചെയ്തതും സ്വാഗതാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യമുള്ള മേഖലകൾ തെരഞ്ഞെടുത്ത് സ്വയംപര്യാപ്ത ഗ്രാമങ്ങൾക്ക് രൂപം നൽകാനാവശ്യമായ തുക അനുവദിച്ചതും വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി എന്നിവ വർദ്ധി

പ്പിച്ചതും ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവയ്ക്ക് തുക അനുവദിച്ചതും അഭിനന്ദനാർഹമാണ്. വിദ്യായാത്ര പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്തതും പ്രീ–മെട്രിക് ഹോസ്റ്റലുകളിൽ ടി.വി., ലൈബ്രറി, റീഡിംഗ് റൂം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയതും പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 25000 രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളിയതും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശയിൽ ഇളവ് അനുവദിച്ചതും പ്രശംസനീയമാണ്. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി നടത്താൻ തുക അനുവദിച്ചതും പിന്നോക്ക വികസനക്ഷേമ വകുപ്പ് രൂപീകരിച്ചതും ഈ സർക്കാരിന്റെ ഒരു വർഷത്തെ ഭരണ നേട്ടങ്ങളായി വിലയിരുത്താവുന്നതാണ്. കോതമംഗലം–കുട്ടൻപുഴ വില്ലേജിലെ വാരിയം ആദിവാസികോളനിയിൽനിന്നും കുടിയിറക്കിയ ആദിവാസി കുടുംബങ്ങളെ അനുയോജ്യമായ സ്ഥലത്തേയ്ക്ക് മാറ്റിപാർപ്പിക്കാൻ നടപടിയുണ്ടാകണം. സമഗ്ര ടൂറിസം നയത്തിലൂടെ എല്ലാ ജില്ലകളിലും വിനോദസഞ്ചാരികളുടെ എണ്ണത്തിലും ടൂറിസം രംഗത്തുനിന്നുള്ള വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള കെട്ടിടങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന് കൈമാറാനുള്ള നടപടിയുണ്ടാകണം. ഭൂതത്താൻകെട്ട് സമഗ്ര വികസന പദ്ധതി കിറ്റ്കോ–യെ ഏൽപ്പിച്ച് അടിയന്തരമായി നടപ്പിലാക്കണം. തട്ടേക്കാട് പക്ഷിസങ്കേത കേന്ദ്രത്തിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താനും ഭൂതത്താൻകെട്ട്, നേര്യമംഗലം, തട്ടേക്കാട്, കുട്ടൻപുഴ പ്രദേശങ്ങളിൽ ബോട്ട് സൗകര്യം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കണം. ഇടമലയാർ

പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾക്ക് സന്ദർശനത്തിനും താമസത്തിനും സൗകര്യം ഏർപ്പെടുത്താൻ കഴിയണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിരവധി സമരങ്ങളിലൂടേയും പ്രക്ഷോഭങ്ങളിലൂടേയും പിന്നോക്ക ജാതിക്കാർ നേടിയെടുത്ത അവകാശങ്ങളെ ഹനിക്കുന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള ജാതി–മത സ്പർദ്ധകൾക്കെതിരെ ജാഗരൂകരാകണം. എസ്.സി/എസ്.ടി വിഭാഗക്കാരുടെ സർഗ്ഗാത്മക വാസനകൾ പുതിയ കാലഘട്ടത്തിനനുസരിച്ച് ഉപയോഗപ്പെടുത്തണം. വയനാട്ടിലേയും മറ്റ് ആദിവാസി കോളനികളിലുമുള്ള അവിവാഹിതരായ അമ്മമാരുടെ സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ആദിവാസിമേഖലകളിലെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകണം. പട്ടികജാതി/പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും നൂതനമായ സാങ്കേതിക വിദ്യകളുപയോഗപ്പെടുത്തി പരിശീലനം നൽകുന്നതിനും തൊഴിൽ ലഭ്യമാകുന്നതിനും നടപടികൾ സ്വീകരിക്കണം. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനത്തിലൂടെ ആദിവാസി മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണം. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. ഈ വിഭാഗക്കാർക്കായി പഞ്ചായത്തുതലത്തിൽ നടപ്പാക്കിയിരുന്ന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ലാപ്സാക്കുന്നതും വകമാറ്റി ചെലവഴിക്കുന്നതും പരിശോധിക്കപ്പെടണം. ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള ഭൂമിക്കുവേണ്ടി നീക്കിവച്ച തുക ചെലവഴിക്കാത്തതിനെക്കുറിച്ച് പരിശോധിക്കണം. പട്ടികജാതിക്കാർക്കെതിരെയുള്ള അക്രമങ്ങൾ തടയാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ഒരുവർഷത്തെ ഭരണംകൊണ്ട് പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ വിലയിരുത്തേണ്ടതാണ്. പ്രാദേശിക തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കാനും അവരുടെ പ്രശ്നങ്ങൾ പഠിച്ച് അവ പരിഹരിക്കാനും നയപരമായ തീരുമാനങ്ങളെടുത്ത സർക്കാർ നടപടി ശ്ലാഘനീയമാണ്. കേരളത്തിലെ 107 പ്രീ–മെട്രിക് ഹോസ്റ്റലുകൾ സമയബന്ധിതമായി നവീകരിച്ചതും 4762 ആദിവാസി കോളനി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താൻ സാധിച്ചതും സ്വാഗതാർഹമാണ്. പ്രീ–മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള നൂതന സാങ്കേതിക പഠന സാമഗ്രികൾ നൽകി മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ സംവിധാനം ഉണ്ടാക്കണം. സുൽത്താൻ ബത്തേരി രാജീവ് ഗാന്ധി ട്രൈബൽ റെസിഡ്യൻഷ്യൽ സ്കൂൾ ഹോസ്റ്റലിന്റെ പ്രവർത്തനം പുനരാരംഭിക്കണം. ആദിവാസി സമൂഹത്തിന് ഭവന നിർമ്മാണത്തിന് കൊടുത്തുകൊണ്ടിരുന്ന ധനസഹായം രണ്ടരലക്ഷം രൂപയാക്കി ഉയർത്തിയത് സ്വാഗതാർഹമാണ്. മോഡൽ കോളനി എന്ന സംവിധാനം അഞ്ച് ഏക്കറിൽ 25 വീട് എന്നതിനുപകരം 25 ഏക്കറിൽ 25 വീട് എന്നാക്കി അവർക്ക് കൃഷിചെയ്ത് ജീവിക്കാനുള്ള സൗകര്യം നൽകണം. പിന്നോക്ക വിഭാഗത്തിൽപ്പെട്ട എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകി. കുടുംബശ്രീയെ മാതൃകാപരമായ സംവിധാനമാക്കി മാറ്റുന്നതിനുവേണ്ടി ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. കിർത്താഡ്സിൽനിന്നും ഗ്രാന്റ് വാങ്ങിക്കുന്ന പാരമ്പര്യ നാട്ടുവൈദ്യന്മാർ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്ന്

പരിശോധിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമായ സംരക്ഷണം കൊടുത്തുകൊണ്ടുള്ള നിയമ സംവിധാനം ഉറപ്പുവരുത്തണം. പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി വകുപ്പുതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. കെ. രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടിക ജാതി–പട്ടികവർഗ്ഗ–പിന്നോക്കവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി യിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം പൂർണ്ണമായും അവർക്ക് ലഭിച്ചിട്ടില്ല. ഈ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കണം. അഖിലേന്ത്യാതലത്തിൽ പട്ടികജാതി വിഭാഗ ങ്ങളിൽ 54 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ 47 ശതമാനവും നിരക്ഷരരാണ്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ ഏറെക്കുറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ താഴ്ന്ന വിഭാഗക്കാർക്ക് വളരാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്താനും സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂ ല്യങ്ങളുടെ ഗുണഫലം അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനും കഴിയണം. പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ലാതാകുന്നതും സർക്കാർ മേഖ ലയിലേയ്ക്ക് പാവപ്പെട്ടവർക്ക് കടന്നുവരാനുള്ള അവസരം കുറയുന്നതുമായ അവസ്ഥയ്ക്ക് പരിഹാരം കാണണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പുനഃസ്ഥാപിക്കാൻ എടുത്ത തീരുമാന ത്തോട് യോജിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലൂടെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുക്കാൻ

സാധിക്കുന്നുണ്ടോയെന്നും അവ സ്ഥാപിച്ചതിലുള്ള ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ പ്ലസ്ടു വരെ പഠിച്ച കുട്ടികൾക്ക് തുടർന്നും പഠിക്കാനുള്ള സാഹചര്യമൊരുക്കണം. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗം കുട്ടികൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയുടെ ഗുണഫലം അവർക്ക് കിട്ടുന്നുണ്ടോയെന്നുള്ളത് പരിശോധിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ പോരായ്മകൾ കണ്ടെത്തുകയും കാലഘട്ടത്തിനനുസരിച്ച് പരിഷ്ക്കരിക്കുകയും ചെയ്യണം. ഈ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന വിഹിതം ഫലപ്രദമായി ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചൂഷണത്തിനിരയായ ഒരു സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അനന്തസാധ്യതകളുള്ള ടൂറിസം മേഖലയെ വികസിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികളെ സ്വാഗതം ചെയ്യുന്നു. കാർഷിക രംഗത്തേയും വ്യവസായ രംഗത്തേയും വളർച്ച മുരടിക്കുന്ന സാഹചര്യത്തിൽ ധാരാളം തൊഴിലവസരങ്ങളുള്ള ടൂറിസം മേഖലയിലേയ്ക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിനും ആ മേഖലയെ വിപുലീകരിച്ച് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായി മാറ്റുന്നതിനുമാവശ്യമായ കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കാനും കഴിയണം. വിദേശ സഞ്ചാരികളെ ആകർഷിക്കാനും അതുവഴി ആഭ്യന്തര ടൂറിസത്തിൽ വളർച്ചയുണ്ടാ

ക്കാനും കഴിയണം. ടൂറിസം മേഖലയുടെ വികസനത്തിന് കൂടുതൽ തുക നീക്കിവയ്ക്കണം.

ശ്രീ. എം. ഷംസുദ്ദീൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബാലവേല അവസാനിപ്പിക്കാനും ദളിത് ശാക്തീകരണത്തിന് നേതൃത്വം കൊടുക്കാനും കഴിയണം. ചെങ്ങറയിലെ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മോഡൽ കോളനികൾ സ്ഥാപിക്കുന്നതിനും വിദ്യാർത്ഥികൾക്ക് സൈക്കിൾ, ലാപ്ടോപ്പ് എന്നിവ വിതരണം ചെയ്യുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗോത്രായനം പരിപാടി സംഘടിപ്പിക്കാനും പട്ടികജാതി വകുപ്പിന് അനുവദിച്ച ഫണ്ടിന്റെ 95%-വും വിനിയോഗിക്കാനും സാധിച്ചു. ഭൂരഹിതരായ 5674 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ സാധിച്ചു. പാലക്കാട് ജില്ലയിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് എസ്.സി/എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജിന് തുടക്കം കുറിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. അട്ടപ്പാടിയിൽ ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാനും അക്ഷയ പാത്രം പദ്ധതി നടപ്പാക്കാനും സാധിച്ചു. പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം. അഹാഡ്സിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. അട്ടപ്പാടിയുടെ വികസനത്തിനായി ഒരു പാക്കേജ് തയ്യാറാക്കണം. ടൂറിസം രംഗത്ത് ഈ ഗവൺമെന്റിന് ശ്രദ്ധേയ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. സച്ചാർ കമ്മിറ്റി ശുപാർശകൾ ഫലപ്രദമായി നടപ്പാക്കണം.

<u>ശ്രീ. ഇ.കെ. വിജയൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആദിവാസികൾക്ക് നേരെയുള്ള കയ്യേറ്റങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നു. ആദിവാസി ഭൂസമരങ്ങളെ അടിച്ചമർത്താനാണ് സർക്കാർ ശ്രമിക്കുന്നത്. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനും അവർക്ക് സംരക്ഷണം നൽകാനും കഴിയുന്ന രീതിയിൽ ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിക്കണം. ഹെറിറ്റേജ് ടൂറിസം ഉപയോഗപ്പെടുത്താൻ കഴിയണം. ഡി.ടി.പി.സി.-കളിൽ വർഷങ്ങളായി ജോലിചെയ്യുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാക്കാനും ജനപ്രതിനിധികളേയും പ്രഗത്ഭരേയും ഉപയോഗപ്പെടുത്തി ടൂറിസം മേഖലയിലെ വികസന സാധ്യതകൾ കണ്ടെത്താനും നടപടിയുണ്ടാകണം. ഹോംസ്റ്റേ രംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കണം. എസ്.സി/എസ്.ടി വിഭാഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കണം. ഡയറക്ടറേറ്റിലും ജില്ലാ ആസ്ഥാനങ്ങളിലും കൂടുതലായി ജീവനക്കാരെ നിയമിക്കണം.

<u>ശ്രീ. വി.പി. സജീന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കണം. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കെതിരെ നടന്നുവരുന്ന അസമത്വം അവസാനിപ്പിക്കണം. ഇന്റർചർച്ച് കൗൺസിലിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഈ രംഗത്തെ സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രവർത്തന മൂലധനഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കണം. ഒരു എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്കായി ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കണം.

സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം നടത്താനും വിഷൻ 2013–ലൂടെ എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് പഠനത്തിന് അവസരമൊരുക്കാനും ഭൂരഹിതരും ഭവനരഹിതരുമായവർക്ക് ഭൂമിയും വീടും നൽകാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വയനാട്ടിലെ പണിയൻ വിഭാഗത്തെ രക്ഷിക്കാൻ ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരണം. ടൂറിസം മേഖലയുടെ അടിസ്ഥാന വികസന സൗകര്യം വർദ്ധിപ്പിക്കണം.

ശ്രീ. എ.കെ. ബാലൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഡ്യയിലുടനീളം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള പീഡനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും വർദ്ധിച്ചുവരികയാണ്. വയനാട്ടിലെ ആദിവാസി ഭൂസമരവുമായി ബന്ധപ്പെട്ട് 247 പേർ കോഴിക്കോട്, കണ്ണൂർ ജയിലുകളിൽ കഴിയുന്നതിനാൽ അവരുടെ കുടുംബങ്ങൾ പട്ടിണിയിലാണ്. ആദിവാസി സംഘടനകൾക്ക് സർക്കാർ കൊടുത്ത ഉറപ്പ് പാലിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. ആദിവാസി ഊരുകളിലെ പട്ടിണിക്ക് പരിഹാരം കാണണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദിവാസി ഫണ്ട് എത്രത്തോളം ചെലവഴിക്കാൻ കഴിഞ്ഞുവെന്ന് പരിശോധിക്കണം. പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള കോർപ്പസ് ഫണ്ട് ദുരുപയോഗം ചെയ്യുന്നത് തടയണം. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട മെഡിക്കൽ, എഞ്ചിനീയറിംഗ് സീറ്റുകൾ ലഭ്യമാക്കണം. ഇ–ഗ്രാന്റ്സ് സമ്പ്രദായത്തിലൂടെ എ.ടി.എം. സിസ്റ്റം വഴി വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ നേരിട്ട് പണം നൽകിയിരുന്ന രീതി പുനഃസ്ഥാപിക്കണം. ആദിവാസികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും സമ്പൂർണ്ണ ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിനും അഡീഷണൽ ആതറൈസേഷൻ വഴി തുക കണ്ടെത്ത

ണം. ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. പ്രിമിറ്റീവ് ആദിവാസികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകണം. ലാ കോളേജ് ഹോസ്റ്റൽ അടച്ചുപൂട്ടാനുള്ള ശ്രമം തടയണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) :പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എം.ഡി.എസ്., ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് അനുവദനീയമായ സംവരണ സീറ്റിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. 8-ാം ക്ലാസ്സിൽ പഠിക്കുന്ന 6224 വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി നടപ്പിലാക്കി. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിൽ 120 ശതമാനം വരെ വർദ്ധനവ് വരുത്തുകയും മുൻവർഷം ഇതിനുവേണ്ടി വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് 7 കോടി രൂപയും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് 5 കോടി രൂപയും അധികമായി വേണ്ടിവരും. വിതുര പഞ്ചായത്തിലെ ആദിവാസി സെറ്റിൽമെന്റുകളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ സുരക്ഷിതമായി എത്തുന്നതിന് സ്ഥിരം സംവിധാനമുണ്ടാക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്

ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ അധിക കേന്ദ്ര സഹായമായി അനുവദിച്ച 10 കോടി രൂപ സമഗ്ര ആരോഗ്യ പദ്ധതിയാക്കി മാറ്റുകയും ഈ തുക 14 ജില്ലാ ആശുപത്രികൾ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ, എറണാകുളം സഹകരണ മെഡിക്കൽ കോളേജുകൾ, മലബാർ ക്യാൻസർ സെന്റർ, ആർ.സി.സി, ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നിവയ്ക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പോഷകാഹാരക്കുറവ്, മദ്യത്തിന്റെ അമിത ഉപയോഗം എന്നിവമൂലം കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാരിൽ പിന്നോക്കം നിൽക്കുന്നവരും പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെടാത്തതുമായ കുടുംബങ്ങളിലുളളവർക്ക് മതിയായ ബോധവൽക്കരണം നടത്തുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വയനാട്, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കാണുന്ന അരിവാൾ രോഗം ബാധിച്ചവർക്ക് എല്ലാ മാസവും 1,000/– രൂപ പെൻഷൻ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, കാസർഗോഡ്, മലപ്പുറം, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ആംബുലൻസ് വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. തൊഴിൽരഹിതരായ 500 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഓട്ടോറിക്ഷാ ഡ്രൈവിംഗ് പലിശീലനം നൽകുകയും അത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഓട്ടോറിക്ഷാ വാങ്ങി നൽകുകയും ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. പട്ടികവർഗ്ഗക്കാർക്കുള്ള വിവിധ വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള വിവരവ്യൂഹം പദ്ധതിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യങ്ങ

ളോടെയുള്ള മോഡൽ കോളനിയും അതിൽ സ്വയം പര്യാപ്തമായ തരത്തിൽ മോഡൽ സ്കൂളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, വയനാട് ജില്ലകളിൽ അഞ്ച് മാതൃകാ കോളനികൾ സ്ഥാപിക്കുന്നതിന് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. വരുംവർഷങ്ങളിൽ ബാക്കി ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇടമലക്കുടിയുടെ സമഗ്രവികസനത്തിനായി 15 കോടി രൂപ വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പട്ടിക വർഗ്ഗ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി കാര്യക്ഷമതയുള്ള ഒരു മോണിറ്ററിംഗ് സംവിധാനത്തെക്കുറിച്ച് വകുപ്പ് ആലോചിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ലംപ്സം ഗ്രാന്റ് 120 ശതമാനത്തോളം വർദ്ധിപ്പി ച്ചിട്ടുണ്ട്. കാട്ടുനായ്ക്കർ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച നൂൽപ്പുഴയിലെ രാജീവ് ഗാന്ധി എം.ആർ.എസ്.-ന്റെ തുടർപദ്ധതി നടപ്പിലാക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ആറളം ഫാമിന്റെ പ്രവർത്തനവും പ്രാക്തന ഗോത്ര വിഭാഗത്തിനായി അനുവദിച്ച 148 കോടി രൂപയുടെ ക്ഷേമപ്രവർത്തനവും നല്ല രീതിയിൽ മുന്നോട്ടുപോവുകയാണ്. എല്ലാ ആദിവാസികൾക്കും ഭൂമി നൽകണമെന്നതാണ് ഈ സർക്കാരിന്റെ നയം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഭൂമിക്കുവേണ്ടി സമരം ചെയ്ത് വിവിധ ജയിലുകളിൽ കഴിയുന്ന സ്ത്രീകളുൾപ്പെടെയുള്ള 250-ൽപ്പരം ആദിവാസികളെ മോചിപ്പിക്കാൻ മുഖ്യമന്ത്രി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജയിലിൽ കഴിയുന്ന ആദിവാസികൾ പുറത്തുപോകാൻ തയ്യാറാണെങ്കിൽ ജാമ്യം നൽകി വിട്ടയയ്ക്കാനും

അപേക്ഷ ലഭിച്ചാൽ അവർക്കെതിരെയുള്ള കേസുകൾ പിൻവലിക്കാനും സർക്കാർ തയ്യാറാണ്. ആദിവാസി സമൂഹത്തോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുന്നതും വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ഭൂമി കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുമാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) : വനാവകാശ നിയമം അനുസരിച്ച് 6526 ഏക്കർ ഭൂമി 6016 പേർക്കും ആദിവാസി പുനരധി വാസ മിഷൻ മുഖേന 413 കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുകയെന്നത് ഈ സർക്കാരിന്റെ നയമാണ്. വയനാട് ജില്ലയിൽ വാസയോഗ്യമായ ഭൂമി കണ്ടെത്തി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തി ബോധവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സപ്തതാരാ പദ്ധതിയിൽ ഉൾപ്പെടുത്തി വിധവകളും വിവാഹമോചിതരും സ്വന്തമായി കിടപ്പാടമില്ലാത്തവരും സ്ഥിരവരുമാനമില്ലാത്തതും ആൺമക്കളിലാത്തവരുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ന്യൂനപക്ഷ വനിതകൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് രണ്ടര ലക്ഷം രൂപ വീതം നൂറ് പേർക്ക് നൽകും. സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച്

കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകൾക്ക് തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. സൈനിക-സായുധ സേനകളിൽ ചേരാനാഗ്രഹിക്കുന്ന ന്യൂനപക്ഷ വിഭാഗ മൽസരാർത്ഥികൾക്കുള്ള പ്രീ-ട്രെയിനിംഗ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മദ്രസ അധ്യാപക ക്ഷേമനിധിയിൽ മുഴുവൻ പേരേയും അംഗങ്ങളാക്കാനുള്ള തീവ്രകർമ്മപരിപാടികൾ ആരംഭിക്കും. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ന്യൂനപക്ഷ യുവജനങ്ങൾക്കായി പ്രീ-മാരിറ്റൽ കൗൺസിലിംഗും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി വ്യക്തിത്വ വികസന പരിപാടികളും സംഘടിപ്പിക്കുകയും കരിയർ ഗൈഡൻസ് കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. വിദേശത്തും സ്വദേശത്തും സാങ്കേതിക തൊഴിലവസരങ്ങൾ ലഭ്യമാകത്തക്കവിധം ന്യൂനപക്ഷ യുവജനതയെ പരിശീലിപ്പിക്കുന്നതിനായി ഫിനിഷിംഗ് സ്കൂൾ പദ്ധതികൾ നടപ്പിലാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് അക്കാദമിപോലുള്ള സ്ഥാപനങ്ങളിൽ ഫീസ് റീ-ഇംബേഴ്സ് ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. മൾട്ടി സെക്ടർ ഡെലപ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 50 ബ്ളോക്കുകൾ കണ്ടെത്തി ന്യൂനപക്ഷ കേന്ദ്രീകൃത ബ്ളോക്കുകളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗങ്ങൾക്കായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ അർഹമായ രീതിയിൽ താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്നതിനായി നിയമസഭാംഗങ്ങളുമായും പൊതുപ്രവർത്തകരുമായും ചർച്ച നടത്തുന്നതിന് ഗവൺമെന്റ് നേതൃത്വം നൽകുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനും ഭൂമി വാങ്ങുന്നതിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുകയുണ്ടായി. എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം 750 രൂപയാക്കി വർദ്ധിപ്പിച്ചു. വിഷൻ 2013 എന്ന പദ്ധതിയിലൂടെ പ്ലസ് വണ്ണിന് പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗിനുള്ള ട്യൂഷൻ ഫീസിനത്തിൽ 20,000 രൂപ കൊടുക്കാൻ തീരുമാനിച്ചു. എല്ലാ പഞ്ചായത്തിലും വിജ്ഞാൻ വാടികൾ ആരംഭിക്കാൻ തീരുമാനിച്ചു. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന 55,000 കുട്ടികൾക്ക് സൈക്കിൾ വിതരണം നടത്താൻ കഴിഞ്ഞു. എസ്.സി. വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹോമിയോപ്പതി ക്ലിനിക്കുകൾ ആരംഭിക്കാനുള്ള തീരുമാനമെടുക്കുകയും എസ്. സി. പ്രൊമോട്ടർമാരുടെ വേതനം 4,000 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. സഹകരണ ബാങ്കുകളിൽനിന്നും കോർപ്പറേഷനുകളിൽനിന്നും എടുത്തിട്ടുള്ള 2006 മാർച്ച് 31 വരെയുള്ള 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതാണ്. എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ മൂന്ന് സ്ലാബുകളിലായി നൽകി വന്നിരുന്ന സ്കോളർഷിപ്പ് അടുത്ത വർഷം മുതൽ രണ്ട് സ്ലാബുകളാക്കി മാറ്റുകയും യു.പി. വരെയുള്ള കുട്ടികൾക്ക് 750 രൂപയും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് 1000 രൂപയും അടുത്ത അക്കാദമിക് വർഷം മുതൽ നൽകുന്ന

തുമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ പരിരക്ഷയും പോഷകാഹാര ലഭ്യതയും ഉറപ്പാക്കുന്നതിന് ഗർഭിണികൾക്കും ആറ് മാസം മുതൽ രണ്ട് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കുംവേണ്ടി 'അമ്മയും കുഞ്ഞും' എന്ന പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. പിന്നോക്കക്ഷേമ വകുപ്പും ഡയറക്ടറേറ്റും രൂപീകരിക്കുകയും അതിനായി സെക്രട്ടേറിയറ്റിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. പിന്നോക്കക്ഷേമ വകുപ്പിന് കീഴിലുള്ള ബാക്ക് വേർഡ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് കോർപ്പറേഷൻ നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുകയും ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ബി.സി.ഡി.സി.-യുടെ സബ് ഓഫീസുകൾ വർക്കല, ഹരിപ്പാട്, ചേലക്കര, പട്ടാമ്പി, വണ്ടൂർ, തിരൂർ എന്നിവിടങ്ങളിൽ ആരംഭിക്കുന്നതുമാണ്. വിദ്യാഭ്യാസ വായ്പ മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിനും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ് തുടങ്ങാൻ ഗ്രാന്റ് നൽകുന്നതിനും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ടൂറിസം രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനുമുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ജനകീയ പങ്കാളിത്ത ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കോവളം, കുമരകം, മൂന്നാർ, വർക്കല തുടങ്ങിയ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഈ വർഷം

മുതൽ നടപ്പിലാക്കുന്നതാണ്. റെയിൽവേയുമായി ചേർന്ന് ടൂറിസം വികസനത്തിനും വിപണനത്തിനും പ്രത്യേക പാക്കേജ് നടപ്പിലാക്കാനും ബാംഗ്ലൂർ–കന്യാകുമാരി ഐലന്റ് എക്സ്പ്രസ്സിൽ കെ.ടി.ഡി.സി.–യുടെ ടൂറിസ്റ്റ് കോച്ച് ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളിൽ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് ലോഞ്ചുകൾ വികസിപ്പിക്കുവാൻ ധാരണയായിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി Mountain Cycling മത്സരം രാജ്യത്ത് ആദ്യമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കോട്ടയത്തെ ഇലവീഴാപൂഞ്ചിറയെ ഒരു അന്താരാഷ്ട്ര മലയോര ടൂറിസം കേന്ദ്രമായി വികസിപ്പിക്കാനും ബേപ്പൂരും കാപ്പാടും കടൽ മാർഗ്ഗവും കനാൽ മാർഗ്ഗവും ബന്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. തൃക്കാക്കര നിയോജകമണ്ഡലത്തിലെ പനമ്പള്ളി നഗറിൽ സൗഹൃദ വീഥിക്ക് തുടക്കം കുറിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കൂടുതൽ ജനകീയമാക്കും. കിറ്റ്സ് പോലുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കാൻ നടപടികളുണ്ടാകും. തിരുവനന്തപുരത്ത് ശാന്തിഗിരിയിൽ അത്യാധുനിക വഴിയോര സമുച്ചയം നിർമ്മിച്ച് Take-a-break എന്ന് നാമകരണം ചെയ്യുന്നതാണ്. അനങ്ങൻമല വികസനവുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കും. ആരോഗ്യവകുപ്പുമായി സഹകരിച്ച് പട്ടികജാതിവകുപ്പിന് കീഴിൽ പാലക്കാട്ട് മെഡിക്കൽ കോളേജിന്റെ പണി പൂർത്തീകരിക്കുന്നതാണ്. ഡി.റ്റി.പി.സി.–യുടെ എക്സിക്യൂട്ടീവ് ബോഡിയിൽ പരമാവധി പ്രതിപക്ഷത്തെകൂടി ഉൾപ്പെടുത്തി മുന്നോട്ടുപോകാനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആലപ്പുഴ ബാക്ക്

വാട്ടർ മെഗാ ടൂറിസം പ്രോജക്ടിനുവേണ്ടി 50 കോടി രൂപ അനുവദിച്ചു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 57-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.34–ന് പിരിഞ്ഞു.

* * * * * * * * * * * *